പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7920 24.07.2012 ൽ മറുപടിയ്ക്ക്

പെട്രോനെറ്റ് എൽ.എൻ.ജി.യുടെ ഉടമസ്ഥതയിൽ വൈപ്പിനിൽ താപനിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. സാജു പോൾ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) പെട്രോനെറ്റ് എൽ.എൻ.ജി. യുടെ ഉടമസ്ഥതയിൽ കൊച്ചി വൈപ്പിനിൽ ഒരു താപനിലയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) പെട്രോനെറ്റ് എൽ.എൻ.ജി.യും കെ.എസ്.ഇ.ബി.യും സംയുക്തമായി കൊച്ചി പുതുവൈപ്പിനിൽ പ്രകൃതി വാതകാടിസ്ഥാനത്തിലുള്ള 1200 MW ന്റെ ഒരു താപനിലയം സ്ഥാപിക്കാനുദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത താപനിലയത്തിൽ നിന്നും വൈദ്യുതി പൂർണ്ണമായും വാങ്ങിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത താപനിലയത്തിൽ നിന്നുള്ള വൈദ്യുതിയ്ക്ക് എന്ത് വില വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്ന മുറയ്ക്ക് മാത്രമേ വില കൃത്യമായി കണക്കാക്കാനാവുകയുള്ളൂ. |
| (ഡി) ഇറക്കുമതി ചെയ്യുന്ന എൽ.എൻ.ജി.യുടെ വില വൻതോതിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വൈദ്യുതി വേണ്ടെന്ന് വയ്ക്കാൻ ബോർഡിന് സാധിക്കുമോ; | (ഡി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |

(--- 2)

| | | | |
|---|---|---|---|
| (ഇ) | ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ? | (ഇ) | വാതകാധിഷ്ഠിത വൈദ്യുത നിലയങ്ങളൊന്നും ഇല്ലാത്ത സംസ്ഥാനമാകയാൽ, ആഭ്യന്തര പ്രകൃതി വാതകത്തിൽ നിന്നും ന്യായമായ വിഹിതം നമ്മുടെ സംസ്ഥാനത്തിന് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും അതിനായി സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ